**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1033** **06-10-2021 - ൽ മറുപടിയ്ക്ക്**

**മംഗലം ഡാം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടമായി സ്റ്റേറ്റ് പ്ലാൻ 2017 -18 ൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. .ഇതിൽ 24.5 എം.എൽ.ഡി ജലശുദ്ധീകരണശാല, 24.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജലസംഭരണി, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റും ട്രാൻസ്ഫോർമറും വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ ഉൾപ്പെടുന്ന ഒന്നാം ഘട്ടം 68 % പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ 2017-18 ൽ 2 കോടി രൂപയുടെ ഭരണാനുമതി കൂടി ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിലെ മറ്റു ഘടകങ്ങൾക്ക് നൽകിയിരുന്നു. ഇതിൽ 2 പാക്കേജുകൾ ഉൾപ്പെടുന്നു. പാക്കേജ് 1- ഡാമിനകത്ത് ഇൻടേക് ബ്രിഡ്ജിന്റെ പ്രവൃത്തി പുരോഗമിച്ച് വരുന്നു. പാക്കേജ് 2 -ഡാമിൽ നിന്നും ജലശുദ്ധീകരണ ശാലയിലേക്ക് പമ്പ് ചെയ്യുന്നതിനുള്ള ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പ് സെറ്റ്,റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി പല തവണ ടെണ്ടർ ചെയ്തിട്ടും ആരും പങ്കെടുക്കാത്തതിനാൽ പുതുക്കിയ എസ്.ഒ.ആർ പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കിഫ്ബി 2017-18 - രണ്ടാം ഘട്ടത്തിലായി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി പദ്ധതിക്കായി 69.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ പാക്കേജിൽ വടക്കഞ്ചേരി കരിങ്കുന്നത്ത് 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ പ്രവൃത്തി 45% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം പാക്കേജിന്റെ പാർട്ട് 1 ൽ കരിങ്കുന്നത്തുള്ള ജലസംഭരണിയിൽ നിന്നും വടക്കഞ്ചേരി |

| | | | |
|---|---|---|---|
| | | | പഞ്ചായത്തിൽ 45 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കലും, 6480 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും. നിലവിൽ 33% പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം പാക്കേജിന്റെ പാർട്ട് 2 ൽ- ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ ലോ ലെവൽ സോണിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. രണ്ടാം പാക്കേജിന്റെ പാർട്ട് 2, ,പാക്കേജ് 3 എന്നിവയിലെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയുടെ മൂന്നാം ഘട്ടമായി ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി , കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ വിതരണശൃംഖല സ്ഥാപിക്കുന്നതിനും 10055 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനുമായി 21.12.2020 ന 53.6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഴക്കഞ്ചേരി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെയും, വണ്ടാഴി പഞ്ചായത്തിലേക്ക് വിതരണശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയുടെയും ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ ഉയരംകൂടിയ പ്രദേശങ്ങളിൽ ടാങ്കുകളും വിതരണ ശൃംഖലകളും ഉൾപ്പെടെ 8712 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി 103.16 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ